(ബി) ആകെ എത്ര രൂപയുടെ വായ്പ കുടിശ്ശിയ്ക്കായാണ് ഒ.റ്റി.എസ്. അപേക്ഷകൾ ലഭിച്ചത്;

(സി) എത്ര ഗുണഭോക്താക്കളുടെ അപേക്ഷകളാണ് ലഭിച്ചത്;

(ഡി) പ്രസ്തുത അപേക്ഷകളിൻമേൽ എത്രയെണ്ണം തീർപ്പു കൽപ്പിക്കപ്പെട്ടു;

(ഇ) എത്രപേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ)-(ഇ) വിവരം ശേഖരിച്ചുവരുന്നു.

ഏകീകൃത നികുതിനിരക്കുകൾ ഏർപ്പെടുത്തിയതുമൂലമുള്ള നേട്ടങ്ങൾ

27 (293)ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ.എം. മാണി :
ശ്രീ. തോമസ് ചാഴിക്കാടൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഏകീകൃത നികുതി നിരക്കുകൾ ഏർപ്പെടുത്തിയതുമൂലം സംസ്ഥാനത്തിന് എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാനായിട്ടുണ്ടെന്നും, അധികസമാഹരണം എത്രയുണ്ടായി എന്നും വിശദമാക്കുമോ;

(ബി) ലഭ്യമായ ഏറ്റവും ഒടുവിലത്തെ വിവരമനുസരിച്ച് ഓരോ നികുതിയിനവും ലക്ഷ്യമിട്ടിരുന്നതിന്റെ എത്ര ശതമാനം പിരിച്ചെടുക്കാനായിട്ടുണ്ടെന്നും അറിയിക്കുമോ;

(സി) നികുതി ഏകീകരണത്തിലൂടെ വർദ്ധിപ്പിച്ചിരുന്ന ഏതെങ്കിലും ഇനം നികുതികൾ വീണ്ടും വർദ്ധിപ്പിക്കാനോ, കുറയ്ക്കാനോ ഇടയായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) എങ്കിൽ അവ ഏതൊക്കെയാണെന്നും ഇപ്രകാരം ഒരു തീരുമാനം എടുക്കാനുണ്ടായ സാഹചര്യം എന്തായിരുന്നുവെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) 1.1.2000 മുതൽക്കാണ് ഏകീകൃത നിരക്കുകൾ ഏർപ്പെടുത്തിയത്. ഇതിന്റെ ഗുണദോഷവശങ്ങൾ വിലയിരുത്താൻ സമയമായിട്ടില്ല.

(സി) ചില ഇനങ്ങൾക്ക് നികുതി കുറച്ചിട്ടുണ്ട്. ഫിനാൻസിൽ 2000 പ്രകാരം മറ്റുചില ഇനങ്ങൾക്ക് നികുതി കൂട്ടിയിട്ടുമുണ്ട്.

(ഡി) നികുതി നിരക്ക് കുറച്ചിട്ടുള്ള ഇനങ്ങൾ ചുവടെ ചേർക്കുന്നു.

1. ന്യൂസ് പ്രിന്റ് 8%-ൽ നിന്നും 2%
2. അടയ്ക്ക 8%-ൽ നിന്നും 4%
3. ഏലം 8%-ൽ നിന്നും 4%

LIBRARY ARCHIVES Kerala Legislative Assembly

4. കുരുമുളക് 8%-ൽ നിന്നും 4%
5. പമ്പ്സെറ്റ് 2 എച്ച്.പി. വരെയുള്ളത് 12%-ൽ നിന്നും 4%
6. പമ്പ്സെറ്റ് 2 എച്ച്.പി. യ്ക്കുമുകളിൽ 12%-ൽ നിന്നും 8%
7. റബർ റോളർ 1%-ൽ നിന്നും 4%
8. കോട്ടൻയാൺ 4%-ൽ നിന്നും 2%
9. ബാംക്യാൺ 4%-ൽ നിന്നും 2%
10. കാപ്പി 8%-ൽ നിന്നും 4%
11. ഓയിൽ മില്ലുകൾ വാങ്ങുന്ന കൊപ്ര 3%-ൽ നിന്നും 1%
12. ടൈറ്റാനിയം 30%-ൽ നിന്നും 20%
13. റബ്ബർ 12%-ൽ നിന്നും 11%

കൂടാതെ ബ്രൻഡ് ബ്രഡ്ൻ, അയഡയ്സ്ഡ് ഉപ്പ്, കാർഷിക ഉപകരണങ്ങൾ എന്നിവ പൂർണ്ണമായും നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ട്. ഇതെല്ലാം സംസ്ഥാനത്തെ കാർഷിക അഭിവൃദ്ധിക്കും, വ്യാവസായിക പുരോഗതിയ്ക്കും അയൽ സംസ്ഥാനങ്ങളിലേയ്ക്കുള്ള കള്ളക്കടത്തു തടയുന്നതിനും വേണ്ടിയാണ്.

<u>നികുതി കൂട്ടിയിട്ടുള്ള ഇനങ്ങൾ (ഫൈനാൻസിൽ 2000 പ്രകാരം)</u>

1. ഡ്രൈസെൽ ഒഴികെയുള്ള ബാറ്ററികൾ നികുതി 12%-ൽ നിന്നും 15% ആക്കി വർദ്ധിപ്പിച്ചു.
2. സിമന്റ് 12%-ൽ നിന്നും 15%
3. ഇലക്ട്രിക്കൽ അപ്ലയൻസസ് 8%-ൽ നിന്നും 12%
4. ഇലക്ട്രിക്കൽ വയറിംഗ് കേബിൾ 8%-ൽ നിന്നും 12%
5. പെയിന്റ് 12%-ൽ നിന്നും 15%
6. മൈക്രോ വേവ് ഓവൻ, ഫ്രിഡ്ജ്, വാട്ടർകൂളർ, എയർകൂളർ, വാഷിംഗ് മെഷീൻ, വാക്വം ക്ലീനർ-12%-ൽ നിന്നും 16%

കൂടാതെ ഫൈനാൻസ് ബിൽ 2000 പ്രകാരം താഴെപ്പറയുന്ന ഇനങ്ങൾക്ക് നികുതി കുറച്ചു

1. റബർ തടി (കെമിക്കലിട്രീറ്റഡ്) നികുതി 8%-ൽ നിന്നും 4% ആയി കുറച്ചു.
2. ഗ്രാമ്പൂ, ജാതിക്ക (8%-ൽ നിന്നും 4% ആയി കുറച്ചു)
3. മഞ്ഞൾ (4%-ൽ നിന്നും 4% ആയി കുറച്ചു)

വിൽപനനികുതി പിരിവിലെ മാന്ദ്യം മാറ്റാൻ നടപടി

28 (294) <u>ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ചാല കമ്പോളത്തിൽ വിൽപ്പന നികുതി ഉദ്യോഗസ്ഥൻമാരുടെ പരിശോധനയുമായി ബന്ധപ്പെട്ട് അടുത്തകാലത്ത് എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly